സെൽവരാജിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

40 (327) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 207/2010 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സെൽവരാജിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ കേസ്സിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഈ കേസിന്റെ അന്വേഷണത്തിൽ ബന്ധുക്കൾക്ക് സംശയം ഉണ്ടെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേസ്സിന്റെ അന്വേഷണം സത്യസന്ധമായി നടത്തുന്നതിന് വേറെ ഉദ്യോഗസ്ഥരെ ഏർപ്പിക്കുന്നതിനോ ക്രൈം ബ്രാഞ്ചിന് കേസ്സ് കൈമാറുന്നതിനോ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കള്ളനോട്ട് നിർമ്മാണവും വിതരണവും നടത്തുന്നവർക്കെതിരെ നടപടി

41 (329) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തെന്നിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന കള്ളനോട്ട് നിർമ്മാണവും വിതരണവും കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) വർഗ്ഗീതിൽ കള്ളനോട്ട് നിർമ്മാണവും വിതരണവും നടത്തിയത് സംബന്ധിച്ച് ഏതൊക്കെ കേസുകളാണ് ഇപ്പോൾ സംസ്ഥാന പോലീസ് അന്വേഷിച്ചുവരുന്നത്;

(സി) ഇത്തരം കേസുകളിലെ എത്ര പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളത്;

(ഡി) വിദേശനിർമ്മിത അച്ചടി സാമഗ്രികൾ ഉപയോഗിച്ചുള്ള കള്ളനോട്ട് നിർമ്മാണം സംസ്ഥാനത്ത് നടന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് കേന്ദ്ര ഏജൻസികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കള്ളനോട്ട് നിർമ്മാണവും വിതരണവും കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനായി കള്ളനോട്ട് കേസ്സുകളും മറ്റ് സംഘടിത കുറ്റകൃത്യങ്ങളും അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ചിൽ ഓർഗനൈസ്ഡ് ക്രൈം വിംഗ് (OCW) രൂപീകരിച്ചിട്ടുണ്ട്. ലോക്കൽ പോലീസ് കണ്ടെത്തുന്നതോ, റിപ്പോർട്ട് ചെയ്യപ്പെടുന്നതോ ആയ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രാരംഭ നടപടികൾക്കുശേഷം തുടരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിനു കൈമാറി വരുന്നു. കള്ളനോട്ട് നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിലെ വ്യാജനോട്ടുകളുടെ ഉറവിടം കണ്ടെത്തുന്നതിനായി എസ്.സി.ആർ.ബി, എൻ.സി.ആർ.ബി. എന്നിവിടങ്ങളിൽനിന്നും സമാനമായ കേസ്സുകളുടെ വിവരങ്ങൾ ശേഖരിച്ച് ഊർജ്ജിത അന്വേഷണം നടത്തി നിയമനടപടി സ്വീകരിക്കുന്നുണ്ട്.

(ബി) 18 കേസ്സുകളാണ് അന്വേഷിച്ചു വരുന്നത്.

(1) Cr. No. 466/CR/SI/05 (CBCID)
(2) Cr. No. 120/CR/SII/07 (CBCID)
(3) Cr. No. 101/CR/SII/08 (CBCID)
(4) Cr. No. 154/CR/SII/08 (CBCID)
(5) Cr. No. 200/CR/SII/08 (CBCID)
(6) Cr. No. 224/CR/SII/08 (CBCID)
(7) Cr. No. 9/CR/SII/09 (CBCID)
(8) Cr. No. 49/CR/SII/09 (CBCID)
(9) Cr. No. 447/CR/OCWII/10 (CBCID)
(10) Cr. No. 213/CR/SIII/07 (CBCID)
(11) Cr. No. 191/CR/SIII/07 (CBCID)
(12) Cr. No. 518/CR/OCW-IV/10 (CBCID)
(13) Cr. No. 22/CR/SIII/09 (CBCID)
(14) Cr. No. 510/10 (Kondotty PS)
(15) Cr. No. 250/10 (Karuvarakundu PS)
(16) Cr. No. 618/10 (Puthenvelikkara PS)
(17) Cr. No. 1068/10 (Medical College PS)
(18) Cr. No. 1220/10 (Venjaramoodu PS)

(സി) 14 പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) Cr. No. 22/CR/SIII/09, 101/CR/SII/08, 447/CR/OCW-II/10 എന്നീ കേസുകളിൽ വിദേശ ബന്ധമുള്ളതിനാൽ, ടി കേസുകൾ എൻ.ഐ.എ./സി.ബി.ഐ. പോലുള്ള ദേശീയ അന്വേഷണ ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള ശിപാർശ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly